# മൂത്തോൻ

ട്രെയ്‌ലർ തന്ന പ്രതീക്ഷയും, അനുരാഗ് കശ്യപ് എന്ന പേരും പഴയ സത്യ പോലുള്ള കഥാ പരിസരവും ഗീതു മോഹൻദാസ് എന്ന സംവിധായികയുടെ മുൻചിത്രത്തിന്റെ മികവും ഇതൊക്കെ കാരണം ആദ്യദിവസം തന്നെ കണ്ടു.

ഞാൻ പ്രതീക്ഷിച്ചതൊന്നും ആയിരുന്നില്ല സിനിമ. മുംബൈ നഗരത്തിന്റെ ചേരികൾ കഥയ്ക്ക് അനുയോജ്യമായ ഇരുണ്ട അഴുക്കു ചാലുകൾ മാത്രം. മനോഹരമായ ലക്ഷദ്വീപിൽ നിന്നും മുംബൈയിലേക്ക് കഥ മാറുമ്പോൾ നിഷ്കളങ്കത, വീർപ്പുമുട്ടുന്ന അസ്വസ്ഥകളിലേയ്ക്ക് വഴി മാറുകയാണ്. കാമാത്തിപുരയും, ശരീരം വിറ്റ് ജീവിക്കുന്നവരും, അവരെ ഉപയോഗിച്ച് ജീവിക്കുന്നവരും. പുറപ്പെട്ടുപോയ തന്റെ മൂത്തോനെ തേടി മുല്ലയെത്തുന്നത് അവിടെയാണ്.

റോഷൻ എന്ന നടന്റെ അസാധ്യ പ്രകടനം. സംവിധായിക തന്റെ തുറുപ്പുചീട്ട് വളരെ സമർഥമായി ഒളിപ്പിച്ചിരിക്കുകയായിരുന്നു. കണ്ണുകൾ കൊണ്ട്, ശരീരഭാഷകൊണ്ട് നിസഹായത, പ്രതീക്ഷ, പ്രണയം, നിരാശ എല്ലാം അനായാസം ചെയ്തു കാണിക്കുന്നു റോഷൻ. ദിലീഷ് പോത്തൻ, സുജിത് ശങ്കർ, ശശാങ്ക്, ശോഭിത എന്നിവരും നന്നായിട്ടുണ്ട്. മുല്ലയായെത്തിയ കുട്ടിയും മികവുറ്റ അഭിനേതാവ്.

നിവിൻ പോളിയുടെ വ്യത്യസ്ഥമായ രണ്ട് ഗെറ്റപ്പാണ്. ഒന്ന് പഴയ നിഷ്കളങ്കത നിറഞ്ഞ, പ്രസന്നത നിറഞ്ഞ നിവിൻ. മറ്റൊന്ന് തടിച്ചു വീർത്ത, ഭായ് വേഷം. നിവിൻ ഇത് വരെ ചെയ്തിട്ടുള്ള വേഷങ്ങളിൽ നിന്ന് വ്യത്യസ്ഥമാണ് മൂത്തോനിലേത്. ലഹരിയുടെ അലകളിൽ മുങ്ങിനിവരുന്ന മുക്കലും മൂളലും ആക്രോശങ്ങളും കൊണ്ട് ഭായ് വേഷം ഒരു തരം ഭീതി വിതയ്ക്കുന്നുണ്ട്. ചെറിയ ചെറിയ ആത്മഗതങ്ങളിലൂടെ ഭായ് പറയുന്ന കഥകളിൽ ഒന്ന് അതിന്റെ യാഥാർഥ്യവുമായി ചേർത്ത് വായിക്കുമ്പോൾ, അപ്പോൾ മാത്രം അതിന്റെ വാസ്തവം വെളിപ്പെടുത്തുന്നു. ആദ്യ രംഗത്തിലെ

ആസുരഭാവം രണ്ടാം രംഗത്തിൽ ഭാവം മാറുന്നു. ഭായ് എങ്ങനെ ഭായ് ആയെന്നത് ഇത്തരം layering ൽ ആണ് അനുഭവിക്കേണ്ടത്. അത് നിരീക്ഷിച്ച് അനുഭവിക്കുക എന്ന ജോലി സംവിധായിക പ്രേക്ഷകനിൽ തന്നെ നിക്ഷേപിച്ചിരിക്കുന്നു. അത്തരം പ്രേക്ഷകന് ഒരു must watch തന്നെയാണ് ചിത്രം. മാസ്, എന്റർടൈൻമെന്റ് പടങ്ങളുടെ പ്രേക്ഷകന് പറ്റിയതല്ല എന്ന് എടുത്തു പറയണമെന്ന് തോന്നുന്നു.

രാജീവ് രവിയുടെ ഛായാഗ്രഹണം, സാഗർ ദേശായിയുടെ സംഗീതം, അജിത് കുമാർ, കിരൺ ദാസ് എന്നിവർ ചേർന്ന് ചെയ്ത ചിത്രസംയോജനം ഇവയും സിനിമയെ സാങ്കേതികമായി ഉയർത്തുന്നു. കുനാൽ ശർമയുടെ സൗണ്ട് ഡിസൈനും മികച്ചത്.

ഒരു intense emotional drama എന്ന രീതിയിലാണ് സിനിമ അനുഭവപ്പെട്ടത്. സ്റ്റണ്ട് കാര്യമായില്ല, ഉള്ളത് അത്രയ്ക്ക് നന്നായതുമില്ല. അത് ഏച്ചുകെട്ടിയ പ്രതീതി ജനിപ്പിച്ചു. പക്ഷേ പ്രണയമെന്ന വികാരത്തെ, പരസ്പ്പരം ഉൾക്കൊള്ളുന്നതിനെ മനോഹരമായി അവതരിപ്പിച്ചിട്ടുണ്ട്. വൈകാരികതയിൽ ഗീതു എന്ന സംവിധായിക വിജയിച്ചിട്ടുണ്ട്. രണ്ട് മണിക്കൂറിന് അൽപ്പം മുകളിൽ ഉള്ള സിനിമ കൂടുതൽ സമയം ഉപയോഗിക്കുന്നതും ആ വൈകാരികബന്ധം സ്ഥാപിക്കുന്നതിനാണ്. അത് ഉൾക്കൊള്ളാനായാൽ അതിന് സമയം നൽകാനുള്ള ക്ഷമ ഉണ്ടെങ്കിൽ സിനിമ തീർച്ചയായും നിങ്ങളുടെ ഹൃദയത്തെ സ്പർശിക്കും. റിവ്യൂ എഴുതാൻ ആവശ്യമായ പലതും സിനിമയുടെ വഴിത്തിരിവുകൾ വെളിപ്പെടുത്തും എന്നതിനാൽ അധികമൊന്നും എഴുതാൻ കഴിയില്ല എന്നതാണ് മറ്റൊരു കാര്യം.

മനുഷ്യൻ അണിയുന്ന മറകളുടെ, മുഖംമൂടികളുടെ കഥയാണ് മൂത്തോൻ. മുഖംമൂടികളുടെ അന്തസംഘർഷങ്ങളും, മുഖംമൂടികളും ആ മുഖംമൂടികൾ അണിയാൻ നിർബന്ധിക്കുന്ന സമൂഹവും തമ്മിലുള്ള സംഘർഷങ്ങളുമാണ് ചിത്രത്തിന്റെ കാതൽ.

റിവ്യൂ: Sajan Ramanandan